# കേരള പബ്ലിക് സർവീസ് കമ്മീഷൻ
# ജില്ലാ ഓഫീസ്, കോട്ടയം

ചുരുക്കപ്പട്ടിക നമ്പർ: 4/09/ഡി.ഒ.കെ കോട്ടയം
കാറ്റഗറി നമ്പർ : 31/2007 31.07.2009.

## വിജ്ഞാപനം

**14-02-2007** തീയതിയിലെ ഗസറ്റ് വിജ്ഞാപന പ്രകാരം കോട്ടയം ജില്ലയിൽ വിവിധ വകുപ്പിൽ **3050 – 5230**/- രൂപ (PR) ശമ്പള നിരക്കിൽ **ഡ്രൈവർ ഗ്രേഡ്-II** (എച്ച്.ഡി.വി) തസ്തികമാറ്റം – (കാറ്റഗറി നമ്പർ: **31/2007**) തസ്തികയിലേക്കുള്ള തെരഞ്ഞെടുപ്പിനായി **09-05-2008** തീയതിയിൽ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ നടത്തിയ ഒബ്ജക്റ്റീവ് (ഒ.എം.ആർ മൂല്യനിർണ്ണയം) മാതൃകയിലുള്ള പൊതു പരീക്ഷയുടെ അടിസ്ഥാനത്തിൽ പ്രായോഗിക പരീക്ഷയ്ക്ക് വിളിക്കപ്പെടുവാൻ സോപാധികമായി അർഹരാണെന്നു കണ്ട ഉദ്യോഗാർത്ഥികളുടെ രജിസ്റ്റർ നമ്പരുകൾ അടങ്ങിയ ചുരുക്കപ്പട്ടിക ചുവടെ ചേർത്തിരിക്കുന്നു.

രജിസ്റ്റർ നമ്പരുകൾ അവയുടെ സംഖ്യാക്രമത്തിലാണ് ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. യാതൊരു കാരണവശാലും ഈ ക്രമീകരണം പ്രസ്തുത പരീക്ഷയുടെ റാങ്ക് ക്രമത്തെ സൂചിപ്പിക്കുന്നില്ല.

രജിസ്റ്റർ നമ്പരുകൾക്കു മുൻപിൽ 'K' കൂടി ചേർത്ത് വായിക്കേതാണ്.

## ചുരുക്കപ്പട്ടിക

| | | | | | | |
|---|---|---|---|---|---|---|
| 300001 | 300002 | 300003 | 300005 | 300007 | 300008 | 300009 |

കുറിപ്പ്:-

1) അപേക്ഷകളുടെ സൂക്ഷ്മപരിശോധനയ്ക്കും നിരുപാധിക സ്വീകാര്യതയ്ക്കും വിധേയമായി തീർത്തും സോപാധികമായാണ് രജിസ്റ്റർ നമ്പറുകൾ ഈ പട്ടികയിൽ ഉൾക്കൊള്ളിച്ചിട്ടുള്ളത്. ചുരുക്കപ്പട്ടികയിൽ രജിസ്റ്റർ നമ്പർ ഉൾപ്പെട്ടു എന്നത് പ്രായോഗിക പരീക്ഷയ്ക്ക് വിളിക്കപ്പെടുന്നതിനോ റാങ്ക് പട്ടികയിൽ പേര് ഉൾപ്പെടുന്നതിനോ യാതൊരു അവകാശവും ഉദ്യോഗാർത്ഥികൾക്ക് പ്രദാനം ചെയ്യുന്നില്ല.

2) അപേക്ഷയിൽ ഉദ്യോഗാർത്ഥി രേഖപ്പെടുത്തിയിട്ടുള്ള വിശദാംശങ്ങളെ അടിസ്ഥാനമാക്കിയാണ് ചുരുക്കപ്പട്ടിക തയ്യാറാക്കിയിട്ടുള്ളത്. അതിനു ശേഷമുള്ള അവകാശവാദങ്ങൾ ഒരു ഘട്ടത്തിലും പരിഗണിക്കുന്നതല്ല.

3) കമ്മീഷൻ നടത്തിയ പരീക്ഷയിൽ ഹാജരായ എല്ലാ ഉദ്യോഗാർത്ഥികളെയും ഉൾപ്പെടുത്തിക്കൊണ്ടാണ് ചുരുക്കപ്പട്ടിക തയ്യാറാക്കിയിരിക്കുന്നത്

4) ചുരുക്കപട്ടികയിൽ രജിസ്റ്റർ നമ്പർ ഉൾപ്പെട്ടിട്ടുള്ള ഉദ്യോഗാർത്ഥികൾ അവരുടെ അപേക്ഷയിൽ അവകാശപ്പെട്ടിരിക്കുന്ന കാര്യങ്ങൾ – അതായത് വിദ്യാഭ്യാസ യോഗ്യത, ജനനത്തീയതി, ബാഡ്ജോടുകൂടിയ 3 വർഷത്തെ സാധുവായ ഡ്രൈവിംഗ് ലൈസൻസ് (അസ്സലും പകർപ്പും) കോട്ടയം ജില്ലയിലെ സ്ഥിര താമസക്കാരനാണെന്ന് അപേക്ഷയിൽ അവകാശപ്പെട്ടിട്ടുണ്ടെങ്കിൽ ആയത് തെളിയിക്കുന്നതിനുള്ള നിശ്ചിത മാതൃകയിലുള്ള നേറ്റിവിറ്റി സർട്ടിഫിക്കറ്റ്,

സർവ്വീസിലുള്ള ഉദ്യോഗാർത്ഥികൾ ബന്ധപ്പെട്ട വകുപ്പു മേധാവിയിൽ നിന്നോ ആഫീസ് മേധാവിയിൽ നിന്നോ ലഭിച്ച രസീത് / നോ ഒബ്ജക്ഷൻ സർട്ടിഫിക്കറ്റ് (ഒറിജിനലും പകർപ്പും), നിശ്ചിത മാതൃകയിലുള്ള സർവീസ് സർട്ടിഫിക്കറ്റ്, മറ്റു ആനുകൂല്യങ്ങൾ അവകാശപ്പെട്ടിട്ടുങ്കെിൽ ആയത് തെളിയിക്കുന്നതിന് ആവശ്യമായ പ്രമാണങ്ങളുടെ അസ്സൽ, ശരിപ്പകർപ്പ് എന്നിവ സഹിതം പ്രായോഗിക പരീക്ഷയ്ക്ക് മുന്നോടിയായുള്ള വെരിഫിക്കേഷൻ സമയത്ത് നേരിട്ട് ഹാജരാകേണ്ടതാണ്. ആവശ്യമായ പ്രമാണങ്ങളുടെ അസ്സലും പകർപ്പും ഹാജരാക്കാത്ത ഉദ്യോഗാർത്ഥികളെയും അപേക്ഷയിൽ മറ്റ് എന്തെങ്കിലും ന്യൂനതകൾ കണ്ടെത്തുന്ന ഉദ്യോഗാർത്ഥികളെയും പ്രായോഗിക പരീക്ഷയിൽ പങ്കെടുപ്പിക്കുന്നതല്ല

5) പ്രായോഗിക പരീക്ഷയുടെ സമയം, തീയതി, സ്ഥലം എന്നിവ പിന്നീട് അറിയിക്കുന്നതാണ്. പ്രായോഗിക പരീക്ഷയ്ക്ക് നിശ്ചയിച്ചിട്ടുള്ള ദിവസം ഉദ്യോഗാർത്ഥികൾ കൃത്യ സമയത്ത് സ്വന്തം ചെലവിൽ ഹാജരാകേണ്ടതാണ്

6) നിലവിലുള്ള നടപടിക്രമമനുസരിച്ച് ഉത്തരക്കടലാസ് പുനഃമൂല്യനിർണ്ണയം അനുവദനീയമല്ല. എന്നാൽ റാങ്ക് പട്ടിക പ്രസിദ്ധീകരിച്ചതിനുശേഷം നിശ്ചിത ഫീസായ 50 രൂപ (അൻപതു രൂപാ മാത്രം) **"0051–പി.എസ്.സി.–105–സ്റ്റേറ്റ് പി.എസ്.സി.99–എക്സാമിനേഷൻ ഫീസ്"** എന്ന അക്കൗണ്ട് ഹെഡ്ഡിൽ സംസ്ഥാനത്തെ ഏതെങ്കിലും ട്രഷറിയിൽ ഒടുക്കുന്നപക്ഷം ഉത്തരക്കടലാസിന്റെ പുനഃപരിശോധന നടത്തുന്നതാണ്. ചുരുക്ക പട്ടിക പ്രസിദ്ധീകരിച്ചതിനുശേഷം പുനഃപരിശോധന അനുവദിച്ചിട്ടില്ല. കമ്മീഷന്റെ വിവിധ ഓഫീസുകളിലെ എൻക്വയറി വിഭാഗത്തിൽ നിന്നും സൗജന്യമായി ലഭിക്കുന്നതോ, കമ്മീഷന്റെ വെബ്സൈറ്റായ www.keralapsc.org-ൽ നിന്നും ഡൗൺലോഡ് ചെയ്ത് A4 സൈസ് പേപ്പറിൽ പ്രിന്റ് എടുത്തതോ ഇവയിൽ നിന്നും ഫോട്ടോ കോപ്പി ചെയ്തതോ ആയ നിശ്ചിത ഫാറത്തിൽ തന്നെ പുനഃപരിശോധനയ്ക്കുള്ള അപേക്ഷ സമർപ്പിക്കേണ്ടതാണ്. പുനഃപരിശോധനയ്ക്കുള്ള അപേക്ഷയോടൊപ്പം നിശ്ചിത ഫീസ് ഒടുക്കിയതിനുള്ള അസ്സൽ ചെലാൻ രസീത് ഉള്ളടക്കം ചെയ്യേതാണ്.

7) ഒ.എം.ആർ ഉത്തരക്കടലാസിന്റെ സെറോക്സ് കോപ്പി ആവശ്യമുള്ള ഉദ്യോഗാർത്ഥികൾ 200 രൂപ ഫീസ് 0051-PSC-800 Other receipts-99 Other receipts എന്ന Head of Account ൽ ഒടുക്കി Original Chalan സഹിതം റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ച് ഒരു മാസത്തിനുള്ളിൽ നിർദ്ദിഷ്ട മാതൃകയിൽ അപേക്ഷ സമർപ്പിക്കേണ്ടതാണ്. വിശദ വിവരങ്ങൾ റാങ്ക് ലിസ്റ്റിന്റെ വിജ്ഞാപനത്തോടൊപ്പം പ്രസിദ്ധീകരിക്കുന്നതാണ്.

(കമ്മീഷൻെറ ഉത്തരവിൻ പ്രകാരം)

Sd/-
ലൈലാദാസ്
ജില്ലാ ആഫീസർ
കെ.പി.എസ്.സി.ജില്ലാ ഓഫീസ്, കോട്ടയം

km/hcl1